## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6151 08.07.2014 ൽ മറുപടിക്ക്

### സുതാര്യകേരളം പദ്ധതി

ചോദ്യം

ശ്രീ. പി.ഉബൈദുള്ള

മറുപടി

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) പല വകുപ്പുകളും കൃത്യമായി വിവരങ്ങൾ നൽകാത്തതിനാൽ "സുതാര്യകേരളം പദ്ധതി" വഴിയുള്ള നടപടികൾ വൈകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) സമയബന്ധിതമായി തീർപ്പാക്കേണ്ട പരാതികൾ പോലും നടപടി വൈകുന്ന സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുമോ;<br><br>സി) സുതാര്യകേരളം വഴി ലഭിക്കുന്ന പരാതികളിൽ മുന്തിയ പരിഗണന നൽകി ഫയൽ തീർപ്പാക്കുന്നതിന് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകുമോ;<br><br>ഡി) ജില്ലാ തലത്തിൽ നടക്കുന്ന അവലോകന യോഗത്തിലെ റിപ്പോർട്ടുകൾ കൃത്യമായി നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ? | എ)+ബി)+സി)+ഡി)<br><br>സുതാര്യകേരളം വഴി ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അയച്ചു കൊടുത്ത് 14 ദിവസത്തിനകം നടപടി സ്വീകരിച്ച് വിവരം പരാതിക്കാരനെ അറിയിക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ പല വകുപ്പുകളിലും സമയബന്ധിതമായി പരാതികൾ തീർപ്പാക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ സുതാര്യകേരളം വഴി ലഭിക്കുന്ന പരാതികൾക്ക് മുന്തിയ പരിഗണന നൽകി തീർപ്പാക്കാൻ നിർദ്ദേശം നൽകികൊണ്ട് 21.2.2014 ൽ 23195/CMPGRC3/2014/GAD. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് തലവൻമാരെയും ഓഫീസ് മേലധികാരികളെയും ഓർമ്മപ്പെടുത്തി യിട്ടുണ്ട്. ജില്ലാകളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ കൂടി റിപ്പോർട്ട് എല്ലാ മാസവും 15-ാം തീയതിക്ക് മുൻപായി മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ ലഭ്യമാക്കുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

Reshma

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ